വ്യാവസായിക വികസനം

17 (*47) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാവസായിക വികസനം ത്വരിതപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം സംസ്ഥാനത്ത് വ്യാവസായിക വികസനത്തിനുവേണ്ടി ഒട്ടനവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എന്റർപ്രണേഴ്സ് സപ്പോർട്ട് സ്കീം പ്രകാരം വിവിധ യൂണിറ്റുകൾക്കും കെ.എഫ്.സി, കെ.എസ്.ഐ.ഡി.സി. എന്നീ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന യൂണിറ്റുകൾക്കും ധനസഹായം നൽകിവരുന്നു. വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മാർജിൻ മണി വായ്പ പദ്ധതി പ്രകാരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംരംഭകർക്ക് വായ്പ അനുവദിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ വികസന സാധ്യതകൾ മുൻനിർത്തി കേരളത്തിലെ വ്യവസായ വികസനത്തിനും നിക്ഷേപസാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും വേണ്ടിയാണ് എമർജിംഗ് കേരള, വ്യവസായ സംഗമം സംഘടിപ്പിച്ചത്.

കൂടാതെ സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ് പ്രൊമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും അല്ലാതെയുമായി ഏകദേശം നാലായിരത്തോളം യുവതീയുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

സംസ്ഥാനത്ത് ഇടത്തരം, വൻകിട വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമിയും ധനവായ്പയും വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസുകളും കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കിവരുന്നു.

വ്യവസായ വികസനം ത്വരിതപ്പെടുത്തുവാൻ കിൻഫ്ര ആരംഭിച്ച കർമ്മ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി,കോഴിക്കോട്, കണ്ണൂർ.
2. ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.
3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്.
4. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം.
5. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, കാക്കനാട്, കൊച്ചി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കാലപ്പഴക്കംചെന്ന യന്ത്രസാമഗ്രികളും പഴയ സാങ്കേതിക വിദ്യയും പരിഷ്കരിച്ച് ഉൽപ്പന്ന വൈവിദ്ധ്യവത്കരണമുൾപ്പെടെയുള്ള നവീകരണ

വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും, വിപണന രംഗം ശക്തിപ്പെടുത്തിയും കൂടുതൽ വിപുലീകരിക്കുന്നതിനുള്ള പദ്ധതികളും നയസമീപനങ്ങളുമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിക്കൽ, പ്രത്യേക ധനസഹായ പാക്കേജുകൾ അനുവദിച്ച് മാനേജ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തന നിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്ന വിപണി വിപുലപ്പെടുത്തുവാൻ കേന്ദ്രസ്ഥാപനങ്ങളുമായും ഇതര സംസ്ഥാനസ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രവർത്തനം, വാണിജ്യ ഇടപാടുകൾ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുവാൻ E-procurement സംവിധാനം എന്നിവ ഇതിനകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. E-portal വഴിയുള്ള ഉൽപ്പന്ന വിപണനത്തിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പംതന്നെ മന്ത്രി തലത്തിലും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും, റിയാബ് മുഖേനയും ഇവയുടെ പ്രവർത്തന നിരീക്ഷണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

2011-ലെ ധവളപത്രം

.18 (*48) ശ്രീ. എളമരം കരീം :

ശ്രീ. എം. എ. ബേബി :

ശ്രീ. എം. ഹംസ :

ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011- ൽ പുറപ്പെടുവിച്ച ധവളപത്രത്തിൽ 2014-15 ആകുമ്പോൾ റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കുമെന്ന വാഗ്ദാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) റവന്യൂകമ്മി ഇല്ലാതാക്കുമെന്ന വാഗ്ദാനം നിറവേറ്റുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ധനകാര്യ മാനേജ്മെന്റ് അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞതായത് സംസ്ഥാനത്ത് റവന്യൂകമ്മി വർദ്ധിക്കുന്നതിന് കാരണമായെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly